# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂൺ 28<br>June 28 | 2019 |
|---|---|

*1193 മിഥുനം 13 വെള്ളി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജില്ലാ വികസന സമിതിയോഗം ഇന്ന് (29)**

ജില്ലാ വികസന സമിതിയോഗം ഇന്ന് (29) രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. അന്നേ ദിവസം രാവിലെ 10.30ന് നടക്കുന്ന പ്രീഡിഡിസി യോഗത്തിലും എല്ലാ ജില്ലാതല ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 1569/19)

**പരാതിപരിഹാര അദാലത്ത്**

കോഴഞ്ചേരി താലൂക്ക് പരാതിപരിഹാര അദാലത്ത് ജൂലൈ 20ന് രാവിലെ 9.30 മുതൽ പത്തനംതിട്ട ടൗൺ ഹാളിൽ നടക്കും. അദാലത്തിൽ പരിഗണിക്കേണ്ട അപേക്ഷ വില്ലേജ് ഓഫീസ്, താലൂക്കാഫീസ് എന്നിവിടങ്ങളിൽ ജൂലൈ അഞ്ച് വരെ സ്വീകരിക്കും. അദാലത്ത് ദിവസം കളക്ടർക്ക് നേരിട്ടും അപേക്ഷ നൽകാം. സിഎംഡിആർഎഫ്, എൽആർഎം കേസുകൾ, റേഷൻ കാർഡ് സംബന്ധിച്ച പരാതികൾ, സ്റ്റാറ്റ്യൂട്ടറിയായി ലഭിക്കേണ്ട പരിഹാരം എന്നിവയൊഴിച്ചുള്ള എല്ലാ പരാതികളും അദാലത്തിൽ പരിഗണിക്കും.

(പിഎൻപി 1570/19)

**ഒറ്റത്തവണ പ്രമാണ പരിശോധന**

ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ആക്സിലറി നഴ്സ് കം മിഡ് വൈഫ് തസ്തികയുടെ (കാറ്റഗറി നമ്പർ 9/2018) സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടവരുടെ ഒറ്റത്തവണ പ്രമാണ പരിശോധന ജൂലൈ മൂന്നിനും അഞ്ചിനും രാവിലെ 10ന് ജില്ലാ പി.എസ്.സി ഓഫീസിൽ നട

ക്കും. ഉദ്യോഗാർഥികൾ തിരിച്ചറിയൽ രേഖ, പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സംവരണാനുകൂല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസൽ സഹിതം ഹാജരാകണം. ഫോൺ: 0468 2222665.

(പിഎൻപി 1571/19)

## ഡയറ്റ് യു. പി. എസിൽ ഒഴിവ്

തിരുവല്ല ഡയറ്റ് യു.പി സ്കൂളിൽ ഒഴിവുള്ള ഒരു എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി തസ്തികയിലേക്ക് ജൂലൈ അഞ്ചിന് കൂടിക്കാഴ്ച നടത്തും. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം രാവിലെ 10.30ന് ഡയറ്റിൽ എത്തണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

(പിഎൻപി 1572/19)

## ഭക്ഷ്യസുരക്ഷാ സ്ക്വാഡ് പരിശോധന നടത്തി

ഭക്ഷ്യസുരക്ഷാ സ്ക്വാഡിന്റെ നേതൃത്വത്തിൽ സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, റവന്യു വകുപ്പുകളുമായി ചേർന്ന് അടൂർ സർക്കിളിലെ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തി. പരിശോധനയിൽ നാല് സ്ഥാപനങ്ങൾക്ക് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്നതിനാൽ നോട്ടീസ് നൽകി പിഴ ഈടാക്കുന്നതിന് ശുപാർശ നൽകി. പറക്കോട് കെഎസ്. ശങ്കരനാരായണ റെഡ്യാർ (മൊത്ത വ്യാപാരി), സ്വാമി ശരണം ടീ ഷോപ്പ്, നിസാം ടീ ഷോപ്പ്, മനൂസ് കിച്ചൺ എന്നിവയ്ക്കാണ് പിഴ ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുള്ളത്. ഭക്ഷ്യസുരക്ഷാ ഓഫീസർമാരായ നീതു രവികുമാർ, ടി.ആർ.പ്രശാന്ത് കുമാർ തുടങ്ങിയവർ പരിശോധനയ്ക്ക് നേതൃത്വം നൽകി. (പിഎൻപി 1573/19)

## മാഹി കമ്യൂണിറ്റി കോളജിൽ ഒഴിവ്

പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയുടെ മാഹിയിൽ പ്രവർത്തിക്കുന്ന കമ്യൂണിറ്റി കോളജിൽ തൊഴിലധിഷ്ഠിത കോഴ്സുകളായ ഫാഷൻ ടെക്നോളജി, ജേർണലിസം ആൻഡ് മാസ് കമ്യൂണിക്കേഷൻ എന്നീ മൂന്ന് വർഷ ബിരുദ കോഴ്സുകളിലേക്കും ഒരു വർഷ ഡിപ്ലോമ കോഴ്സുകളായ ടൂറിസം ആൻഡ് സർവീസ് ഇൻഡസ്ട്രി, റേഡിയോഗ്രാഫി ആൻഡ് ഇമേജിംഗ് ടെക്നോളജി എന്നിവയിലേക്കും ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റ് സഹിതം ജൂലൈ 10നകം കോളജിൽ എത്തണം. ഫോൺ: 9207982622, 0490 2332622. (പിഎൻപി 1574/19)

## പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം: ബോധവത്ക്കരണ ക്ലാസ് ആറിന്

പട്ടികജാതി വികസന വകുപ്പിന്റെ ഇ-ഗ്രാന്റ്സ് മുഖേനയുള്ള പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങളെ സംബന്ധിച്ച് ജില്ലയിലെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് ജൂലൈ ആറിന് പത്തനംതിട്ട മണ്ണിൽ റീജൻസിയിൽ ബോധവത്ക്കരണ ക്ലാസ് നടത്തും. രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ എച്ച്എസ്ഇ/വിഎച്ച്എസ്ഇ സ്ഥാപനങ്ങൾക്കും ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് അഞ്ച് വരെ മറ്റ് പോസ്റ്റ്മെട്രിക് സ്ഥാപനങ്ങൾക്കുമാണ് ക്ലാസ് നടത്തുന്നത്. എല്ലാ പോസ്റ്റ്മെട്രിക് സ്ഥാപനമേധാവികളും ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാരെ ക്ലാസിൽ പങ്കെടുപ്പിക്കണമെന്ന് അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. ഫോൺ: 0468 2322712.

(പിഎൻപി 1575/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂൺ 28<br>June 28 | 2019 |
|---|---|

*1193 മിഥുനം 13 വെള്ളി*

# പത്രക്കുറിപ്പ് -2

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

---

**ആരോഗ്യമുളള സമൂഹത്തിനായി ലഹരിയെ അകറ്റാം: എഡിഎം**

ലഹരിവസ്തുക്കളുടെ ഉപയോഗവും, വ്യാപനവും നിയന്ത്രിക്കുന്നതിന് ആരോഗ്യ-സാമൂഹ്യമേഖലകളുടെയും, നീതിനിർവഹണസംവിധാനത്തിന്റെയും ഫലപ്രദമായ ഇടപെടൽ ആവശ്യമാണെന്ന് എഡിഎം ക്ലമന്റ് ലോപ്പസ് പറഞ്ഞു. കളക്ടറേറ്റിൽ ചേർന്ന ജില്ലാ വ്യാജമദ്യ നിയന്ത്രണ സമിതിയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എക്സൈസ് വകുപ്പ് ജില്ലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും, ലഹരിവസ്തുക്കളുടെ ഉപയോഗം കർശനമായി തടയുമെന്നും അദ്ദേഹം പറഞ്ഞു.

ഈ വർഷം ജനുവരി മുതൽ ജൂൺ വരെ ജില്ലയിലെ ഏഴ് എക്സൈസ് റേഞ്ച് പരിധികളിലായി 3884 റെയ്ഡുകൾ നടത്തിയെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുരളീധരൻ നായർ പറഞ്ഞു. 394 അബ്കാരി കേസുകളിലായി 328 പേരെ അറസ്റ്റ് ചെയ്തു. 165 എൻഡിപിഎസ് കേസുകളിലായി 160 പേരെ അറസ്റ്റു ചെയ്യുകയും, 16.09 ഗ്രാം കഞ്ചാവ് പിടിച്ചെടുക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് കാലയളവിലും, തുടർന്നും നടത്തിയ പരിശോധനകളിൽ 149 ലിറ്റർ ചാരായവും, 6657 ലിറ്റർ കോട പിടിച്ചെടുക്കുകയും കേസെടുക്കുകയും ചെയ്തു. ജില്ലയിൽ ഇതുവരെ 3055.6 കിലോഗ്രാം നിരോധിത പുകയില ഉത്പന്നങ്ങൾ പിടിച്ചെടുക്കുകയും, 3407 കോട്പ കേസുകൾ രേഖപ്പെടുത്തുകയും ചെയ്തു. ഈ ഇനത്തിൽ 6,76,000 രൂപ സംസ്ഥാന സർക്കാരിലേക്ക് പിഴയായി ലഭിച്ചു. കൂടാതെ 201.5 ലിറ്റർ ബിയർ, 287.1 ലിറ്റർ അരിഷ്ടം, 658.16 ലിറ്റർ

ഇന്ത്യൻ നിർമിത വിദേശമദ്യം, 147 ലിറ്റർ ഇതര മദ്യവും പിടിച്ചെടുത്ത് കേസ് എടുത്തു. കഴിഞ്ഞ ആറ് മാസത്തിനിടയിൽ 14099 വാഹനങ്ങൾ പരിശോധിച്ചു. 14 വാഹനങ്ങൾ പിടിച്ചെടുത്തു. പൊതുതെരഞ്ഞെടുപ്പ് കാലയളവിൽ ഇലക്ഷൻ കമ്മീഷന്റെ നിർദേശാനുസരണം നടത്തിയ സംയുക്ത റെയ്ഡിൽ വിദേശ മദ്യവുമായി ഒരു വാഹനം പിടിച്ചെടുക്കുകയും കേസ് എടുക്കുകയും ചെയ്തു. കള്ളുഷാപ്പുകളിൽ 1600 പരിശോധനകൾ നടത്തി 282 സാമ്പിളുകൾ ശേഖരിക്കുകയും അവ രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു. ബാറുകളിൽ 225 പരിശോധനകളും, ബിയർ ആൻഡ് വൈൻ പാർലറുകളിൽ 71 പരിശോധനകളും, ബിവറേജസ് ഔട്ട്‌ലെറ്റുകളിൽ 207 പരിശോധനകളും നടത്തി 33 സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയച്ചു.

മേയ് മാസത്തിൽ ജില്ലയിലെ പോലീസ് വകുപ്പ അബ്കാരി മേഖലയിലും, അനുബന്ധമേഖലയിലുമായി എൻഡിപിഎസ് ആക്ട് പ്രകാരം 23 കേസുകളും, പൊതുസ്ഥലത്ത് മദ്യപിച്ചതിന് 132 കേസുകളും, കോട്പ ആക്ട് പ്രകാരം 10 കേസുകളും, മദ്യപിച്ച് വാഹനം ഓടിച്ചതിന് 1357 കേസുകളും, സെക്ഷൻ 118 (എ) പ്രകാരം 250 കേസുകളും രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു. വിവിധ കേസുകളിലായി 2.175 കിലോഗ്രാം കഞ്ചാവ്, 3.5 ലിറ്റർ ഇന്ത്യൻ നിർമിത വിദേശമദ്യം, 181 പായ്ക്കറ്റ് പാൻസാല, 25 പായ്ക്കറ്റ് ബീഡി,സിഗരറ്റ്, 30 നൈട്രോസെപാം ഗുളികകൾ എന്നിവ പിടിച്ചെടുക്കുകയും ചെയ്തെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പറഞ്ഞു.

യോഗത്തിൽ അസിസ്റ്റൻഡ് എക്സൈസ് കമ്മീഷണർ ജി.ചന്ദ്രു, എസ്ഐ(സ്പെഷ്യൽ ബ്രാഞ്ച്) ആർ എസ് രഞ്ജു, എഎസ്ഐ എസ് രാധാകൃഷ്ണൻ, റാന്നി ഫോറസ്റ്റ് ഡിവിഷൻ ബീറ്റ് ഫോറസ്റ്റ് ഓഫീസർ എസ്.അനീഷ്, പത്തനംതിട്ട ഡിഡിഇ സജു ജോൺ, പി.കെ ഗോപി, നൗഷാദ് കണ്ണങ്കര, എം അബ്ദുൽകലാം ആസാദ്, പി എസ് ശശി, ജയചന്ദ്രനുണ്ണിത്താൻ, ആനി ജേക്കബ്, ഭേഷജം പ്രസന്നകുമാർ, വാളകം ജോൺ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1576/19)

## ഭവന നിർമാണ പൂർത്തീകരണത്തിന് ധനസഹായത്തിന് അപേക്ഷിക്കാം

വിവിധ വകുപ്പ്/ഏജൻസികളിൽ നിന്നും ഭവന നിർമാണ ധനസഹായ തുക പൂർണ മായി കൈപ്പറ്റിയിട്ടും നിർമാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നവരും നിർദിഷ്ട രീതി യിലുള്ള മേൽക്കൂര നിർമിക്കാൻ കഴിയാത്തതിനാൽ അവസാന ഗഡു കൈപ്പറ്റാത്തവരും സ്വന്തമായി നിർമാണം ആരംഭിച്ചിട്ട് പണി പൂർത്തിയാക്കാൻ കഴിയാത്തവരുമായ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭവനിർമാണ പൂർത്തീകരണത്തിന് പ്രത്യേക ധനസഹായത്തിന് അപേക്ഷിക്കാം. പരമാവധി ഒന്നര ലക്ഷം രൂപ വരെ ലഭിക്കും. 10 വർഷത്തിനുള്ളിൽ ധനസ ഹായ തുക കൈപ്പറ്റിയവർക്കാണ് ഇതിന് അർഹതയുള്ളത്. ലൈഫ് മിഷൻ പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയവർ അപേക്ഷിക്കേണ്ടതില്ല. കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരായിരിക്കണം അപേക്ഷകർ. കൂടുതൽ വിവരവും അപേക്ഷ യുടെ മാതൃകയും അതത് പട്ടികജാതി വികസന ഓഫീസുകളിൽ ലഭിക്കും. അപേക്ഷയും അനുബന്ധ രേഖകളും ജൂലൈ 30നകം അതത് പട്ടികജാതി വികസന ഓഫീസുകളിൽ നൽകണം.

(പിഎൻപി 1577/19)

## പച്ചത്തുരുത്ത് പദ്ധതി പുത്തൻ തലമുറയ്ക്ക് കണ്ടു പഠിക്കാവുന്ന മാതൃക: ജില്ലാ കളക്ടർ

പുത്തൻ തലമുറയ്ക്ക് കണ്ടു പഠിക്കാവുന്ന മാതൃകയാണ് പച്ചത്തുരുത്ത് പദ്ധതിയെന്ന് ജില്ലാകളക്ടർ പി.ബി നൂഹ് പറഞ്ഞു. ലോക പരിസ്ഥിതി ദിനത്തോട് അബന്ധിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ തുടക്കം കുറിച്ച പച്ചത്തുരുത്ത് പദ്ധതിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം പള്ളിക്കൽ പഞ്ചായത്തിലെ ആറാട്ടുചിറയ്ക്ക് സമീപം നിർവഹിച്ച്

സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ. കാവുകൾ കൊണ്ടും പ്രകൃതി സമ്പത്ത് കൊണ്ടും നിറഞ്ഞ ആറാട്ടുചിറ നല്ലൊരു വിശ്രമ കേന്ദ്രമാണ്. മാനസിക ഉല്ലാസത്തിന് അനുയോജ്യമായ പ്രദേശമാണ് ഇതെന്നുംകളക്ടർ പറഞ്ഞു. കാവുകളുടെ തുടർച്ചയായി ചെറുവനങ്ങൾ കൂടി സൃഷ്ടിക്കപ്പെടുമ്പോൾ അനേകം ജീവികൾക്ക് ആവാസ സൗകര്യം കൂടെ ഒരുങ്ങുമെന്നും അദ്ദേഹം പറഞ്ഞു. വൃക്ഷത്തൈ നട്ടാണ് കളക്ടർ പദ്ധതി ഉദ്ഘാടനം ചെയ്തത്. നാല്പാമരം എന്നറിയപ്പെടുന്ന അത്തി, ഇത്തി, അരയാൽ, പേരാൽ എന്നിവയാണ് ഉദ്ഘാടനത്തിന് ഉപയോഗിച്ചത്.

ചരിത്രപരമായും ഐതിഹ്യപരമായും പേരുകേട്ട പള്ളിക്കൽ ആറാട്ടുചിറയുടെ പരിസര പ്രദേശത്താണ് പച്ചത്തുരുത്ത് യാഥാർഥ്യമാകുന്നത്. പള്ളിക്കൽ പഞ്ചായത്തിലെ ഏറ്റവും വലിയ ജലസ്രോതസായ ഈ ചിറയിൽ നിന്നാണ് പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ പ്രധാന കുടിവെള്ള പദ്ധതികൾക്ക് ജലം എടുക്കുന്നത്. ജനങ്ങളുടെ പ്രധാന കുടിവെള്ള സ്രോതസായ ആറാട്ടുചിറയിലെ വെള്ളം വറ്റാൻ സാധ്യതയില്ല എന്നത് എടുത്തു പറയേണ്ടതാണ്. ഏഴ് ഏക്കർ വിസ്തൃതിയിലാണ് ആറാട്ടു ചിറ വ്യാപിച്ചു കിടക്കുന്നത്. ഇതിൽ ഒരു ഏക്കറിലാണ് പച്ചത്തുരുത്ത് സൃഷ്ടിക്കപ്പെടുന്നത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി പ്രസന്നകുമാരി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ രാജേഷ്, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.പി സന്തോഷ്, സെക്രട്ടറി ഡി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, കൃഷി ഓഫീസർ റോണി വർഗീസ്, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, സംഘാടക സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1578/19)

## റിലേഷൻഷിപ്പ് കേരള: ജില്ലാതല ഉദ്ഘാടനം ഇന്ന് (29)

വയോജനങ്ങൾ, ഭിന്നശേഷി, ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ ഉന്നമനത്തിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന റിലേഷൻഷിപ്പ് കേരളയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് (29) രാവിലെ 11.30ന് പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വൈദ്യുതിമന്ത്രി എം.എം.മണി നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ റോബിൻ പീറ്റർ, കുഞ്ഞന്നാമ്മ കുഞ്ഞ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എലിസബത്ത് അബു, ജില്ലാ സാമൂഹികനീതി ഓഫീസർ ഷംല ബീഗം, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ, ഗ്രാമപഞ്ചായത്തംഗം അന്നമ്മ ഫിലിപ്പ്, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.വിധു തുടങ്ങിയവർ സംസാരിക്കും. (പിഎൻപി 1579/19)

## സൗജന്യ പരിശീലനം

പത്തനംതിട്ട എസ്ബിഐയുടെ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന മിറർ വർക്കുകൾ, സാരി ഡിസൈനിംഗ്, നെറ്റിപ്പട്ടം, മുത്തുകൾ, നൂലുകൾ, പേളുകൾ എന്നിവ കൊണ്ട് നിർമിക്കുന്ന നൂതന ആഭരണ നിർമാണം എന്നിവയിൽ സൗജന്യ പരിശീലനം നൽകും. 10 ദിവസമാണ് പരിശീലന കാലാവധി. താത്പര്യമുള്ളവർ 0468 2270244, 2270243 എന്നീ നമ്പരുകളിൽ രജിസ്റ്റർ ചെയ്യണം. (പിഎൻപി 1580/19)

## കൊടുമൺ റൈസ് ജനമനസ് കീഴടക്കി: ജില്ലാ കളക്ടർ

ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച കൊടുമൺ റൈസ് ജനമനസു കീഴടക്കി മുന്നേറുകയാണെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. കൊടുമൺ റൈസിന്റെ രണ്ടാം സംസ്കരണ വിപണന ഉദ്ഘാടനം കൊടുമൺ

ഇക്കോഷോപ്പ് അങ്കണത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു കളക്ടർ. രാസവള ഉപയോഗവും, കീടനാശിനി പ്രയോഗവും ഇല്ലാതെയാണ് കൊടുമൺ റൈസ് വിപണിയിൽ എത്തിച്ചിരിക്കുന്നത്. ഇതിലൂടെ ജീവിതശൈലി രോഗങ്ങളെ ഒരു പരിധി വരെ ഒഴിവാക്കാനാകും. ഇതിനുവേണ്ടി പ്രയത്നിച്ച പഞ്ചായത്ത് അധികൃതർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, കർഷകർ എന്നിവർ ഏറെ പ്രശംസ അർഹിക്കുന്നുവെന്നും കളക്ടർ പറഞ്ഞു. സാമ്പത്തികമായി ലാഭം ഉണ്ടാക്കുന്ന രീതിയിലേക്ക് കൃഷിയുടെ വളർച്ച ഉയർത്താൻ സാധിക്കണം. തരിശായി കിടന്ന 23 ഹെക്ടറോളം ഭൂമി കൃഷിക്ക് അനുയോജ്യമാക്കിയത് ആരോഗ്യ സംരക്ഷണ മേഖലയിലെ മാറ്റത്തെ സൂചിപ്പിക്കുന്നതാണെന്നും കളക്ടർ കൂട്ടിച്ചേർത്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞന്നാമ്മ കുഞ്ഞ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഞാറ്റുവേല ചന്തയുടെ ഉദ്ഘാടനം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷീലാ പണിക്കർ നിർവഹിച്ചു. കർഷകസഭയുടെ ഉദ്ഘാടനം ആത്മ ഡെപ്യൂട്ടി ഡയറക്ടർ വിനോജ് മാമ്മൻ നിർവഹിച്ചു.

കൊടുമൺ ഗ്രാമപഞ്ചായത്തിൽ ത്രിതല പഞ്ചായത്തുകളുടെയും കൃഷി വകുപ്പിന്റെയും പാടശേഖര സമിതികളുടെയും ശ്രമഫലമായി 228 കർഷകരെ ഉൾപ്പെടുത്തി 256 ഏക്കറിൽ നെൽകൃഷി ചെയ്യുകയും 400 മെട്രിക് ടൺ നെല്ല് ഉത്പാദിപ്പിക്കുകയും ചെയ്തിരുന്നു. ഇതിൽ ഉത്തമകൃഷി മുറകൾ പ്രകാരം കൃഷി ചെയ്ത 100 മെട്രിക് ടൺ നെല്ല് ജില്ലാ സഹകരണ ബാങ്കിന്റെയും ത്രിതല പഞ്ചായത്തിന്റെയും സാമ്പത്തിക സഹായത്തോടെ സംഭരിക്കുകയും ഓയിൽപാം ഇൻഡ്യയുടെ മോഡേൺ റൈസ് മില്ലിൽ സംസ്കരിച്ച് കൊടുമൺ റൈസ് എന്ന ബ്രാന്റ് നെയിമിൽ വിപണനം നടത്തുന്നുണ്ട്. ഗുണഭോക്താക്കളുടെ നിർദേശപ്രകാരം ഗുണനിലവാരം മെച്ചപ്പെടുത്തിയ കലർപ്പില്ലാത്ത, മായമില്ലാത്ത 12 മെട്രിക് ടൺ അരിയുടെ രണ്ടാമത്തെ സംസ്കരണം കഴിഞ്ഞാണ് വിപണനത്തിന് തയാറാക്കിയിരിക്കുന്നത്.

കൊടുമൺ കൃഷി ഓഫീസർ എസ്.ആദില, കൊടുമൺ ഫാർമേഴ്സ് സൊസൈറ്റി പ്രസിഡന്റ് എ.എൻ സലിം, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനപ്രഭ, ജില്ലാപഞ്ചായത്ത് അംഗം ബി.സതികുമാരി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെ.വി സുരേഷ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.ആർ ശ്രീധരനുണ്ണിത്താൻ, സ്ഥിരം സമിതി അധ്യക്ഷരായ ജെ.ശാരദ, എൻ കെ ഉദയകുമാർ, ലളിത രവീന്ദ്രൻ, ഗ്രാമപഞ്ചായത്ത് അംഗം ചെരണിക്കൽ ശ്രീകുമാർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കർഷക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1581/19)

## ഫോട്ടോ അടിക്കുറിപ്പ്

1) പച്ചത്തുരുത്ത് പദ്ധതിയുടെ പഞ്ചായത്തുതല ഉദ്ഘാടനം പള്ളിക്കൽ പഞ്ചായത്തിലെ ആറാട്ടുചിറയ്ക്ക് സമീപം ജില്ലാ കളക്ടർ പി.ബി.നൂഹ് നിർവഹിക്കുന്നു.
2) കൊടുമൺ റൈസിന്റെ രണ്ടാം സംസ്കരണ വിപണന ഉദ്ഘാടനം കൊടുമൺ ഇക്കോഷോപ്പ് അങ്കണത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് നിർവഹിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂൺ 28<br>June 28 | 2019 |
|---|---|

*1193 മിഥുനം 13 വെള്ളി*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

**55 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതികൾക്ക് അംഗീകാരം**

ജില്ലയിലെ 55 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷികപദ്ധതി ഭേദഗതിക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകി. ആനിക്കാട്, അരുവാപ്പുലം, ചെറുകോൽ, ഇലന്തൂർ, ഏറത്ത്, ഏഴംകുളം, കലഞ്ഞൂർ, കവിയൂർ, കോഴഞ്ചേരി, കുറ്റൂർ, മല്ലപ്പള്ളി, മെഴുവേലി, നാറാണംമൂഴി, ഓമല്ലൂർ, പന്തളം തെക്കേക്കര, പ്രമാടം, സീതത്തോട്, തോട്ടപ്പുഴശേരി, വടശേരിക്കര, വെച്ചൂച്ചിറ, നെടുമ്പ്രം, കുന്നന്താനം, റാന്നി-പെരുനാട്, കോയിപ്രം, ആറന്മുള, ചെന്നീർക്കര, ചിറ്റാർ, ഏനാദിമംഗലം, ഇരവിപേരൂർ, എഴുമറ്റൂർ, കല്ലൂപ്പാറ, കൊറ്റനാട്, കുളനട, മലയാലപ്പുഴ, മല്ലപ്പുഴശേരി, മൈലപ്ര, നാരങ്ങാനം, പള്ളിക്കൽ, പെരിങ്ങര, റാന്നി, തണ്ണിത്തോട്, തുമ്പമൺ, വള്ളിക്കോട്, റാന്നി-പഴവങ്ങാടി, കൊടുമൺ, പുറമറ്റം, കടപ്ര, അയിരൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾക്കാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയത്. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, പന്തളം, റാന്നി, ഇലന്തൂർ, മല്ലപ്പള്ളി, പറക്കോട് എന്നീ ബ്ലോക്കു പഞ്ചായത്തുകളുടെയും അടൂർ നഗരസഭയുടെയും പദ്ധതികൾക്കും ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി.

സംസ്ഥാന സർക്കാർ ഹരിതകേരള മിഷൻ മുഖേന നടപ്പാക്കുന്ന പച്ചത്തുരുത്ത് പദ്ധതിക്കായി എല്ലാ ഗ്രാമപഞ്ചായത്തുകളും തുക വകയിരുത്തണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. പദ്ധതികൾ കൃത്യമായി തയാറാക്കി

സമയബന്ധിതമായി പൂർത്തികരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്ന് ജില്ലാ കളക്ടർ പി ബി നൂഹ് പറഞ്ഞു. സർവീസിൽ നിന്നും വിരമിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസർ റ്റി സോമസുന്ദരലാലിനെ ആസൂത്രണസമിതി യാത്രയപ്പ് നൽകി.

ആസൂത്രണ സമിതിയിലെ അംഗങ്ങളായ ജോർജ് മാമ്മൻ കോണ്ടൂർ, അംഗങ്ങളായ കെ.ജി അനിത, എം.ജി കണ്ണൻ, ലീലാ മോഹൻ, എലിസബത്ത് അബു, ബി.സതികുമാരി, സാം ഈപ്പൻ, അഡ്വ ആർ.ബി രാജീവ്കുമാർ, സർക്കാർ നോമിനി അഡ്വ എൻ രാജീവ്, റിസേർച്ച് ഓഫീസർ ബി .ല്ലാസ്, വിവിധ വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1582/19)

## ഫോട്ടോ അടിക്കുറിപ്പ്

3) സർവീസിൽ നിന്നും വിരമിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസർ റ്റി സോമസുന്ദരലാലിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി യാത്രയയപ്പ് നൽകുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂൺ 28<br>June 28 | 2019 |
|---|---|

*1193 മിഥുനം 13 വെള്ളി*

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക്**
**സുവർണകാലം: മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്**

കേരളത്തിലെ പൊതുവിദ്യാലങ്ങൾക്കിത് സുവർണകാലമാണെന്നും ഇതിനു കാരണമായി മാറിയത് സംസ്ഥാനത്ത് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞമാണെന്നും വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് പറഞ്ഞു. സമഗ്ര ശിക്ഷ കേരളത്തിന്റെ സംസ്ഥാന തല ഏകദിന വിദ്യാഭ്യാസ സമ്മേളനം ഉദ്ഘാടനവും നിർവഹണ പദ്ധതി രേഖ പ്രകാശനവും തിരുവല്ല കൊമ്പാടി എഎംഎം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റോറിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഏതൊരു നാട്ടിലേയും വിദ്യാഭ്യാസ പുരോഗതിക്ക് ഗുണപരമായ മാറ്റം സംഭവിക്കുന്നത് അവിടത്തെ പാഠ്യപദ്ധതിയുടെ പ്രാധാന്യം അടിസ്ഥാനപ്പെടുത്തിയാണ്. കേരളത്തിലെ ജനങ്ങൾ പൊതുവിദ്യാഭ്യാസപ്രവർത്തകരേയും അധ്യാപകരേയും പ്രതീക്ഷയോടെ നോക്കുന്ന കാലമാണിത്. അവരുടെ പ്രതീക്ഷകൾക്കപ്പുറത്തേക്ക് ഉയരുവാൻ അധ്യാപകർക്ക് കഴിയണം. പാഠ്യപദ്ധതികൾക്ക് പ്രാധാന്യം നൽകണം. സമൂഹം ഏറ്റവും കൂടുതൽ പ്രതീക്ഷ വയ്ക്കുന്നത് അധ്യാപകരിലാണ്. കുട്ടികളിൽ അന്വേഷണത്വര ഉ ാക്കും വിധത്തിലാവണം അധ്യാപനം. പഠിക്കുന്നതിന്റെ യുക്തി എന്താണെന്ന് കുട്ടികൾക്ക് മനസിലാകുന്ന വിധത്തിലാണ് വിദ്യാഭ്യസം മാറുന്നത്. പുതു തലമുറയെ വാർത്തെടുക്കുന്നതിലാണ് സമൂഹം ശ്രദ്ധിക്കേ തെന്നും മന്ത്രി പറഞ്ഞു. വിദ്യാഭ്യാസമേഖല

യിൽ 35 വർഷത്തെ സേവനത്തിനു ശേഷം വിരമിക്കുന്ന എസ് എസ് കെ ജില്ലാ പ്രൊജക്ട് ഓഫീസർ ഡോ. ആർ. വിജയമോഹനനെ മന്ത്രി ആദരിച്ചു.

സമഗ്രശിക്ഷയുടെ 2019-20 കാലയളവിലെ പദ്ധതിപ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ശില്പശാലയും ഇതോടനുബന്ധിച്ച് നടന്നു. ശില്പശാല സമഗ്രശിക്ഷ കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ.എ.പി.കുട്ടിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. 2019 ലെ ദേശീയ വിദ്യാഭ്യാസ നയം എന്ന വിഷയത്തിൽ ഡോ.പി.ജെ വിൻസെന്റ് അവതരണം നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവല്ല നഗരസഭാ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ, ജില്ലാ പഞ്ചായത്തംഗങ്ങളായ സാം ഈപ്പൻ, എസ് വി സുബിൻ, സമഗ്ര ശിക്ഷ കേരളം സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ എ.പി കുട്ടികൃഷ്ണൻ, സമഗ്രശിക്ഷ അഡീഷനൽ ഡയറക്ടർ എസ്. സന്തോഷ്, കൺസൾട്ടന്റ് ഡോ.ടി.പി.കലാധരൻ, പ്രോഗ്രാം ഓഫിസർമാരായ കെ.ജെ ഹരികുമാർ, എൻ.ടി ശിവരാജൻ, എസ്എസ്കെ ജില്ലാ പ്രൊജക്ട് ഓഫീസർ ഡോ.ആർ വിജയമോഹനൻ, പത്തനംതിട്ട വിദ്യാഭ്യസ ഉപഡയറക്ടർ പി.എ ശാന്തമ്മ, ഡയറ്റ് പ്രിൻസിപ്പൽ പി ലാലിക്കുട്ടി തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1583/19)

**ഫോട്ടോ അടിക്കുറിപ്പ്**

5) സമഗ്ര ശിക്ഷ കേരളത്തിന്റെ സംസ്ഥാന തല ഏകദിന വിദ്യാഭ്യാസ സമ്മേളനം ഉദ്ഘാടനവും നിർവഹണ പദ്ധതി രേഖ പ്രകാശനവും നിർവഹിച്ച് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് പ്രസംഗിക്കുന്നു.

6)സമഗ്രശിക്ഷ കേരളം പൊതുവിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ രൂപരേഖയുടെ പ്രകാശനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് നിർവഹിക്കുന്നു.

7) വിരമിക്കുന്ന എസ് എസ് കെ ജില്ലാ പ്രൊജക്ട് ഓഫീസർ ഡോ. ആർ. വിജയമോഹനനെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് ആദരിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**